LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ അർബൻ ഹെൽത്ത് മിഷൻ പദ്ധതി

20 (T4823) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാഷണൽ അർബൻ ഹെൽത്ത് മിഷൻ പദ്ധതിയിലേക്ക് നഗരസഭകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ?

ഉത്തരം

2013-ൽ ദേശീയ ഗവൺമെന്റ് ആരംഭിച്ച നാഷണൽ അർബൻ ഹെൽത്ത് മിഷൻ, പേരു സൂചിപ്പിക്കുംപ്പോലെ നഗരപരിധിയിൽ താമസിക്കുന്ന ജനങ്ങളുടെ ആരോഗ്യപരിരക്ഷയെ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ മിഷനിലേയ്ക്ക് നഗരങ്ങളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത് :

അടിസ്ഥാന മാനദണ്ഡം

കുറഞ്ഞത് 50000 (അമ്പതിനായിരം) എങ്കിലും ജനസംഖ്യയുണ്ടായിരിക്കണം.

അനുപേക്ഷണീയ മാനദണ്ഡങ്ങൾ

1. ചേരി പ്രദേശങ്ങൾ കൂടുതലായുള്ള നഗരങ്ങൾ

2. അഗതികൾ, ഭിക്ഷാടനം ചെയ്യുന്നവർ, തെരുവുകുട്ടികൾ, നിർമ്മാണ തൊഴിലാളികൾ, ലൈംഗികതൊഴിലാളികൾ, തെരുവുകച്ചവടക്കാർ തുടങ്ങിയ അവഗണിക്കുന്നവരും രോഗസാധ്യത കൂടുതലുള്ള വിഭാഗക്കാരുടെയും ഉയർന്ന സാധ്യതയുള്ള നഗരം.

കേരളത്തിൽ 37 നഗരങ്ങളെയാണ് നാഷണൽ അർബൻ ഹെൽത്ത് മിഷനിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

പബ്ലിക് ഹെൽത്ത് (വിംഗ്) വിഭാഗത്തിൽ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളിലെ തസ്തികകൾ

21 (4824) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ പബ്ലിക് ഹെൽത്ത് (വിംഗ്) വിഭാഗത്തിൽ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ആരോഗ്യ ഉപകേന്ദ്രങ്ങളിൽ നിലവിലുള്ള

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

സ്റ്റാഫ് പാറ്റേൺ 40 വർഷത്തോളം മുമ്പ് നിലവിലുള്ളതാണ് എന്നതും ഇക്കാലമത്രയും സ്റ്റാഫ് പാറ്റേൺ പുതുക്കിയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനസംഖ്യാനുപാതികമായി പി.എച്ച്.സി. കളിൽ ജെ. എച്ച്.ഐ., ജെ. പി.എച്ച്.എൻ. തസ്തികകൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പി.എച്ച്.സി.കളിലെ ഇത്തരം തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നിർത്തലായിപ്പോവുന്ന സൂപ്പർന്യൂമററി തസ്തികകളുടെ കുറവ് കാരണമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമായി വ്യക്തമാക്കാമോ ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ സി.എച്ച്.സി. കളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തിക അനുവദിച്ച് നിയമനം നടത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ജനസംഖ്യാനുപാതമനുസരിച്ച് കേന്ദ്ര സർക്കാരാണ് ജൂനിയർ പബ്ലിക് നഴ്സുമാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നൽകുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(ഡി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലുള്ള രണ്ട് സി.എച്ച്.സികൾ തിരുവങ്ങൂർ, മേലടി എന്നിവയാണ്. മേലടി സി.എച്ച്.സി.-യിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ 19-9-2014-ലെ സ.ഉ.(പി) നമ്പർ 400/ 14/ ധന. ഉത്തരവ് പ്രകാരം നിരസിച്ചിട്ടുണ്ട്. തിരുവങ്ങൂർ സി.എച്ച്.സി-യിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടില്ല.

ആലപ്പുഴ ജില്ലയിലെ എൻ.ആർ.എച്ച്.എം. ഫണ്ട് വിനിയോഗം

22 (4825) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly